(സി) ഇല്ലെങ്കിൽ രജിസ്ട്രേഷൻ നൽകാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി രജിസ്ട്രേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലയിൽ 2002 ഫെബ്രുവരി മുതൽ 130 പേർ രജിസ്ട്രേഷന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) 6 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(സി) കോഴികൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ രജിസ്ട്രേഷൻ എടുത്തതിനുശേഷം വൻതോതിൽ നികുതി വെട്ടിപ്പ് നടത്തുന്നുണ്ടെന്ന് വിവരം ലഭിച്ചതുകൊണ്ട് രജിസ്ട്രേഷൻ സ്പെഷ്യൽ സർക്കിളുകളിൽ മാത്രം നൽകിയാൽ മതി എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ അപേക്ഷ ലഭിച്ചാൽ സ്പെഷ്യൽ സർക്കിൾ ആഫീസറും, ഇന്റലിജൻസ് ആഫീസറും അന്വേഷണം നടത്തുകയും മതിയായ രേഖകൾ സമർപ്പിക്കുകയും ചെയ്തതിനുശേഷം മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളു. ഇത് പ്രധാനമായും നികുതി ചോർച്ച തടയുവാനാണ്. സ്വന്തമായി ഭൂമി കൈവശമുണ്ടെന്നും സ്വന്തം ഭൂമിയിലാണ് കോഴികൃഷി നടത്തുന്നതെന്നും തെളിയിക്കുന്നതിനുള്ള രേഖകളും മറ്റും ഹാജരാക്കാൻ വൈകുന്നതിനാലാണ് രജിസ്ട്രേഷൻ നൽകാൻ താമസം ഉണ്ടാകുന്നത്.

(ഡി) രജിസ്ട്രേഷൻ നൽകിയിട്ടില്ലാത്ത കേസ്സുകളിൽ തടസ്സങ്ങൾ പരമാവധി ഒഴിവാക്കി രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കാൻ നടപടി

20 (1815) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽപ്പെട്ട കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly